# ഒരില

************

ഒരില ക്ക്
ഇത്തിരി നേരം കൂടി
തങ്ങുവാൻ   മോഹം.
ഇല ഞെട്ടിന്
ഭാരവും വേദനയും ,.
ഉള്ളിലെവിടെയോ
പ്രാണ ന്റെ പിടച്ചിലുകൾ.
ഇനി വീഴുകയേ ഗതിയുള്ളു.
താഴേക്ക് തളർച്ചയിലേക്ക്.....
ഒരിക്കലും  തിരിച്ചില്ല. വരവ്
ഓരോ ജീവനും അടയാളപ്പെടുത്തുന്ന
കാലമേലാപ്പ്.
അപ്പോഴും താങ്ങുവാൻ
ഈ ഭൂമി മാത്രം ബാക്കി.
മണ്ണിന്റെ  മുതുകിൽ ചിത്രങ്ങൾതുന്നി
നിലാവ് നൃത്തം വച്ച്
 ചിത്രം തട്ടി
പ്രോത്സാഹിക്കവേ,
നേരിയ പ്രകാശം.
അതും കുറച്ച് നേരം മാത്രം.

***************************

വരദേശ്വരി. കെ.

***************************